ഉത്തരം

(എ, ബി) ഉണ്ട്. കെ. എസ്. ഡി. പി. യിലെ ഫോർമുലേഷൻ ഡിവിഷനിൽ നിലവിലുള്ള ദീർഘകാല കരാർ 31-12-1985-ൽ ഒപ്പിട്ടു. വർദ്ധിച്ച തോതിലുള്ള വർക്ക്നോംസ് നടപ്പിലാക്കുന്ന ദിവസം മുതൽ 1-10-1985-ലെ ശരാശരി ശമ്പളത്തിന്റെ 18 ശതമാനം വർദ്ധനവ് നൽകണമെന്നാണ് കരാറിലെ വ്യവസ്ഥ. എന്നാൽ ഈ വർദ്ധനവ് ഏതെല്ലാം തലത്തിൽ ഉൾപ്പെടുത്തണമെന്നതിനെക്കുറിച്ച് ജീവനക്കാർ (ആഫീസ് സ്റ്റാഫും തൊഴിലാളികളും) തമ്മിലുള്ള അഭിപ്രായഭിന്നതകൾ തീർക്കുവാൻ കഴിയാത്തതിനാലാണ് ഈ കരാർ നടപ്പിലാക്കാൻ സാധിക്കാത്തത്. ലേബർ കമ്മീഷണറുടെ മദ്ധ്യസ്ഥതയിൽ ഈ പ്രശ്നത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

ഉളിക്കലിൽ രജിസ്ട്രേഷൻ ആഫീസ്

1323. [1992] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽപ്പെട്ട ഉളിക്കൽ കേന്ദ്രമായി ഒരു രജിസ്ട്രേഷൻ ഓഫീസ് അനുവദിക്കണമെന്ന നിർദ്ദേശത്തിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിലും പൊതുജനങ്ങളുടെ സൗകര്യം കണക്കിലെടുത്തും എവിടെയെല്ലാം സബ് രജിസ്ട്രാർ ഓഫീസ് തുറക്കണമെന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.

ഒഴിവുകുറി പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഫീസ്

1324. [1994] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സബ് രജിസ്ട്രാർ ആഫീസുകളിൽ ഒഴിവുകുറി പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചില ആഫീസുകളിൽ വിലയാധാരത്തിന് തുല്യമായ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതായും മറ്റു ചില ആഫീസുകളിൽ വിലയ്ക്കും സർചാർജിനും കൂടി ഡ്യൂട്ടി ഈടാക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇതിൽ തെറ്റായ നടപടി ക്രമം സ്വീകരിച്ച ആഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഒഴിവുകുറിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. സ്റ്റാമ്പ് ആക്ടിന്റെ ഭേദഗതി അനുസരിച്ച് വിലയാധാരത്തിനു തുല്യമായ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly